**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 233** | **01-02-2023 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യസുരക്ഷ വകുപ്പിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീമതി.ഉമ തോമസ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവാരമില്ലാത്ത ഭക്ഷ്യവസ്തുക്കൾ പൊതുജനങ്ങളിൽ എത്തുന്നില്ലെന്ന് ഉറപ്പാക്കുന്നതിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് പരാജയപ്പെട്ടു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) | ലൈസൻസുള്ള ഭക്ഷ്യസ്ഥാപനങ്ങൾ പരിശോധിക്കുന്നതിനുള്ള ഇടവേള നിർദ്ദേശിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (ബി) | ഭക്ഷ്യ സുരക്ഷാ വകുപ്പ് ഭക്ഷ്യ വ്യവസായ സ്ഥാപനങ്ങളിൽ നിരന്തരമായ പരിശോധനകളാണ് നടത്തുന്നത്. പരിശോധനകളിൽ കാണപ്പെടുന്ന ന്യൂനതകൾ പരിഹരിയ്ക്കുന്നതിനായി ആവശ്യമായ നോട്ടീസ് നൽകുകയും പൊതുജനാരോഗ്യത്തെ ബാധിക്കുന്ന തരത്തിൽ വൃത്തിഹീനമായി കാണപ്പെടുകയോ ലൈസൻസ്/രജിസ്ട്രേഷൻ എടുക്കാതെയോ പ്രവർത്തിയ്ക്കുന്ന സാഹചര്യത്തിൽ സ്ഥാപനത്തിന്റെ പ്രവർത്തനം ന്യൂനതകൾ പരിഹരിയ്ക്കുന്നത് വരെ നിർത്തി വയ്പ്പിക്കുകയും ചെയ്യുന്നു. ഭക്ഷ്യ സ്ഥാപനങ്ങൾ പരിശോധിയ്ക്കുന്നതിന് ഇടവേള നിർദ്ദേശിച്ചിട്ടില്ല. |
| (സി) | രജിസ്ട്രേഷനുള്ള കാറ്ററിങ് സ്ഥാപനങ്ങൾ വർഷം തോറും പരിശോധിക്കണമെന്ന വ്യവസ്ഥ വകുപ്പ് പാലിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ? | (സി) | ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി കാറ്ററിങ് സ്ഥാപനങ്ങൾ ഉൾപ്പടെയുള്ള എല്ലാ ഭക്ഷ്യ നിർമ്മാണ/ സംഭരണ/വിതരണ/വില്പന സ്ഥാപനങ്ങളും ലൈസൻസ് അല്ലെങ്കിൽ രജിസ്ട്രേഷൻ എടുത്ത് 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കുന്ന എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നത് എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുന്നു. |

സെക്ഷൻ ഓഫീസർ